## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3016** **22-06-2012 - ലെ മറുപടിയ്ക്ക്**

## കൊപ്രാ സംഭരണ ഏജൻസികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കൊപ്രാ സംഭരണ ഏജൻസികളായ കേരഫെഡിനും മാർക്കറ്റ്ഫെഡിനും കീഴിൽ എത്ര സംഘങ്ങൾ കൊപ്ര സംഭരണത്തിന് രജിസ്റ്റർ ചെയ്തിരുന്നു;ഏജൻസി തിരിച്ചുള്ള കണക്ക് നൽകാമോ ; | (എ) | സംസ്ഥാനത്ത് കൊപ്ര സംഭരണത്തിന് വേണ്ടി ജില്ലാ കളക്ടർ ചെയർമാനായ കമ്മിറ്റികൾ മുഖേന തെരഞ്ഞെടുത്തിട്ടുള്ള 249 സഹകരണ സംഘങ്ങളും നാളികേര വികസന ബോർഡിന്റെ കീഴിലുള്ള 596 നാളികേര ഉൽപാദക സംഘങ്ങളുമുണ്ട്. |
| (ബി) രജിസ്റ്റർ ചെയ്ത എത്ര സംഘങ്ങൾ കൊപ്ര സംഭരിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | (ബി) | 51 സഹകരണ സംഘങ്ങളും 18 നാളികേര ഉൽപാദക സംഘങ്ങളും കേരഫെഡ് മുഖാന്തിരം കൊപ്ര സംഭരിക്കുന്നുണ്ട്.<br>26 സംഘങ്ങൾ മാർക്കറ്റ് ഫെഡിന് വേണ്ടി കൊപ്ര സംഭരിക്കുന്നുണ്ട്. |
| (സി) കൊപ്ര സംഭരണത്തിന് രജിസ്റ്റർ ചെയ്ത സംഘങ്ങൾ മുന്നോട്ടു വരുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച വല്ല പരിശോധനയും നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താങ്ങുവില പദ്ധതിയനുസരിച്ച് സംഘങ്ങളുടെ പങ്കാളിത്തം ഊർജ്ജിതപ്പെടുത്തുവാനായി ബഹു. മുഖ്യമന്ത്രി 28-05-2012 ന് വിളിച്ച് കൂട്ടിയ അവലോകന യോഗ തീരുമാനമനുസരിച്ച് 05-06-2012 ന് തിരുവനന്തപുരത്ത് വെച്ചും 08-06-2012 ന് കോഴിക്കോട് വെച്ചും കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളുടെ മേഖലാ യോഗങ്ങൾ ചേരുകയുണ്ടായി. ഇതിന്റെ ഫലമായി കൊപ്ര സംഭരണം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ടി സംഘങ്ങളുടെ നഷ്ടം |

നികത്തുന്നതിനും സംഭരണ പ്രക്രിയയിൽ കൂടുതൽ സംഘങ്ങളെ ആകർഷിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു. കൊപ്ര സംഭരണത്തിന് ഉപയോഗിക്കുന്ന ചാക്കൊന്നിന് നാഫെഡ് നൽകുന്ന 27 രൂപയ്ക്ക് പുറമെ 10 രൂപ കൂടി അധികമായി നൽകുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**